# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.164/2025** **തിരുവനന്തപുരം, തീയതി: 26.07.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ എംഎഡ് പ്രവേശനം - 2025 അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 30.07.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലേക്കുള്ള **M.Ed** പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂലൈ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം **NSS** ട്രെയിനിങ് കോളേജ് പന്തളത്തെ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കോളേജിൽ ഉൾപ്പടെ **M.Ed** കോഴ്സിന് താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 30 വരെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് ജൂലൈ 30 വരെ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.
(**https://admissions.keralauniversity.ac.in/med**2025/).
സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## കേരളസർവകലാശാല ഒന്നാം വർഷ ബിഎഡ് പ്രവേശനം – 2025 സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു കോളേജ് പ്രവേശനം 2025 ജൂലൈ 28, 29 തീയതികളിൽ

കേരളസർവകലാശാലയുടെ 2025-26 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിഎഡ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/bed2025**) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ (ഇതുവരെ സർവകലാശാല ഫീസ് ഒടുക്കാത്തവർ) നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് അവരുടെ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ

സാധിക്കാത്തവർ അവസാന തീയതിക്ക് മുൻപായി അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

## പുനഃക്രമീകരിച്ച പരീക്ഷ

കേരളസർവകലാശാല 2025 ജൂലൈ 29 ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി (ത്രിവത്സരം) ഡിഗ്രി പരീക്ഷയിൽ 29-ാം തീയതിയിലെ പരീക്ഷ ആഗസ്റ്റ് 8 ലേക്ക് മാറ്റിവച്ചിരിക്കുന്നു. മറ്റ് ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല. അന്നേ ദിവസത്തെ മറ്റ് പരീക്ഷകൾക്കും മാറ്റമില്ല.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ ആലപ്പുഴ സെന്ററിൽ നടത്തുന്ന എംകോം റൂറൽ മാനേജ്മെന്റ് പ്രോഗ്രാമിൽ General - 10, SEBC (Ezhava) - 2, SEBC (Muslim) - 1, Backward Hindu - 1, General (EWS) - 2, Scheduled Cast - 3, Scheduled Tribe - 1 സീറ്റുകളിൽ ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2025 ജൂലൈ 30 ബുധനാഴ്ച രാവിലെ 11 മണിക്ക് യൂണിവേഴ്സിറ്റി ഓഫ് കേരള സ്റ്റഡി ആന്റ് റിസർച്ച് സെന്റർ (UKSRC), ആലപ്പുഴയിൽ വച്ച് നടക്കുന്നു. പ്രവേശനം നേടുവാൻ യോഗ്യതയുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്ത് തന്നെ സെന്ററിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് : 9745693024, ഇ-മെയിൽ : kusrc.commerce@keralauniversity.ac.in.

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ രണ്ടാം വർഷ ബിടെക് കോഴ്സുകളിലെ (ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) ഒഴിവുള്ള ലാറ്ററൽ എൻട്രി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2025 ജൂലൈ 28 ന് രാവിലെ 10 മണി മുതൽ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നു. LET യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 9995142426, 9388011160,9447125125.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎഡ് (2019 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ആഗസ്റ്റ് 02 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് മലയാളം ലിറ്ററേച്ചേഴ്സ്, ബിഎ ഇംഗ്ലീഷ് ആന്റ് മീഡിയ സ്റ്റഡീസ്, ബിഎ ഇക്കണോമിക്സ് ആന്റ് മീഡിയ സ്റ്റഡീസ്, ബികോം അക്കൌണ്ട്സ് ആന്റ് ഡാറ്റ സയൻസ് ന്യൂജെനറേഷൻ ഡബിൾ മെയിൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 – 2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ആഗസ്റ്റ് 05 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

# പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിടെക് (2013 സ്കീം – 2014 അഡ്മിഷൻ മാത്രം) സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ (2013 സ്കീം - 2014 അഡ്മിഷൻ മാത്രം), കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ (2014 – 2017 അഡ്മിഷൻ വരെ) ആഗസ്റ്റ് 2025 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

# പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2025 ജൂണിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി ബയോകെമിസ്ട്രി കോഴ്സിന്റെ പ്രാക്ടിക്കൽ & വൈവവോസി പരീക്ഷ 2025 ജൂലൈ 29 മുതൽ ആഗസ്റ്റ് 8 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പരീക്ഷയുടെ അനുബന്ധ വൈവവോസി 2025 ആഗസ്റ്റ് 6 ന് അതാത് കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

# ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഫിലോസഫി പരീക്ഷയുടെ വൈവവോസി ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**